ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ഫാർമസിസ്റ്റ് തസ്തികയാണ് അനുവദിച്ചിട്ടുള്ളതെങ്കിലും ടി ആശുപത്രിയിൽ ഇപ്പോൾ RSBY വഴി നിയമിച്ച 3 താൽക്കാലിക ഫാർമസിസ്റ്റുമാർ ഉൾപ്പെടെ 4 ഫാർമസിസ്റ്റുമാരുടെ സേവനം ലഭ്യമാണ്.

(ബി) ഫാർമസിസ്റ്റിന്റെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരികയാണ്.

മലപ്പുറം ജില്ലയിലെ ഫീൽഡ് വർക്കർ തസ്തിക

58 (6763) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിൽ ജനസംഖ്യാനുപാതികമായി ഫീൽഡ് വർക്കർ തസ്തിക ഇല്ലാത്തത് രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പ്രയാസമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ എത്ര ഫീൽഡ് വർക്കർ തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യത്തിന് തസ്തിക സൃഷ്ടിക്കാൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മറ്റു ജില്ലകൾക്കനുവദിച്ച അനുപാതത്തിൽ മലപ്പുറം ജില്ലയിൽ ഫീൽഡ് വർക്കർ തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) എല്ലാ ജില്ലകളിലേയും പ്രസ്തുത തസ്തികകളുടെ എണ്ണവും ജനസംഖ്യയും പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഫീൽഡ് വർക്കർമാരെക്കൊണ്ടും മറ്റ് ഫീൽഡ് വിഭാഗം ജീവനക്കാരെക്കൊണ്ടും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ നിലവിൽ 448 തസ്തികകൾ ഉണ്ട്. മലപ്പുറം ജില്ലയിൽ 20 ഫീൽഡ് വർക്കർ തസ്തികകളാണ് നിലവിലുള്ളത്.

(സി) മലപ്പുറം ജില്ലയിൽ ഫീൽഡ് വർക്കർമാരുടെ അധികതസ്തിക സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ചുവരുന്നു.

(ഡി) ജനസംഖ്യ അനുപാതത്തിൽ മറ്റ് ജില്ലകളിൽ അനുവദിച്ച ഫീൽഡ് വർക്കർ തസ്തികയെക്കാൾ കുറവാണ്. മലപ്പുറം ജില്ലയിൽ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രുരോഗ വ്യാപനമുള്ള പ്രദേശങ്ങളിൽ 5000 പേർക്ക് ഒരു ഫീൽഡ് വർക്കർ എന്ന അനുപാതത്തിലാണ് നിയമനം നടത്തുന്നത്.

(ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

സിവിൽ സർജൻമാരുടെ ഒഴിവുകൾ

59 (6764) ശ്രീ. കെ. അജിത്.- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഇടയാഴം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സിവിൽ സർജൻമാർ ഉൾപ്പെടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും ഇതിൽ ഏതെല്ലാം തസ്തികകളിലാണ് ഒഴിവുകൾ നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(ബി) ഇടയാഴം ബ്ലോക്ക് പി.എച്ച്.സി.-യിൽ എൻ.ആർ.എച്ച്.എം.വഴി ഡോക്ടർമാരെയോ മറ്റ് ജീവനക്കാരെയോ നിയമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇടയാഴം ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരുടെ നിലവിലുള്ള തസ്തികകളെക്കുറിച്ചും ഒഴിവുകളെക്കുറിച്ചുമുള്ള വിവരം ചുവടെ ചേർക്കുന്നു.

തസ്തിക	അനുവദിക്കപ്പെട്ടത്	നിലവിലുള്ളത്	ഒഴിവുകൾ
(1)	(2)	(3)	(4)
സിവിൽ സർജൻ	2	1	1
അസിസ്റ്റന്റ് സർജൻ	3	3	...
ഫാർമസിസ്റ്റ്	1	1	...
സ്റ്റാഫ് നഴ്സ്	4	4	...
നഴ്സിംഗ് അസിസ്റ്റന്റ് കോസ്പിറ്റൽ അറ്റൻഡന്റ്	2	2	...
ഗ്രേഡ്-II	2	1	1
ക്ലാർക്ക്	2	2	...
ആഫീസ് അറ്റന്റന്റ്	1	1	
ഡ്രൈവർ	1	...	1
ഓപ്റ്റോമെട്രിസ്റ്റ്	1	1	...
ലാബ് ടെക്നീഷ്യൻ	1	1	...

LIBRARY ARCHIVES Kerala Legislative Assembly